LIBRARY ARCHIVES Kerala Legislative Assembly

ജനപക്ഷ യാത്ര

182 (3815) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.പി.സി.സി. പ്രസിഡന്റ് നയിക്കുന്ന ജനപക്ഷ യാത്രയുമായി ബന്ധപ്പെട്ട് സർക്കാർ ഉദ്യോഗസ്ഥരിൽനിന്നും മറ്റുമായി പണപ്പിരിവ് നടത്തുന്നതായും സർക്കാർ പദവികൾ ദുരുപയോഗം ചെയ്യുന്നതായും പത്ര-ടെലിവിഷൻ മാധ്യമങ്ങളിൽ വന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഗൗരവപൂർവ്വമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം .

(എ) ഇല്ല.

(ബി) ബാധകമല്ല.

ജില്ലാ സായുധ സർവ്വീസിലേക്ക് സ്ഥലം മാറ്റം വാങ്ങുന്ന പോലീസുകാരുടെ സീനിയോറിറ്റി

183 (3816) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി തീർപ്പാക്കിയ WPC No. 17133/2010-ാം നമ്പർ കേസിന്റെ വിധി പ്രകാരം 10-3-1989-ലെ G.O(p)No. 33/89/Home ഉത്തരവ് നടപ്പിലാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ ഉത്തരവ് എന്ന് നടപ്പിലാക്കും;

(ബി) നിലവിലുള്ള നിയമപ്രകാരം ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നും ജില്ലാ സായുധ സർവ്വീസിലേക്ക് സ്ഥലം മാറ്റം വാങ്ങുന്ന പോലീസുകാരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് ജില്ലാ സായുധ റിസർവ്വിലേയ്ക്ക് മാറ്റിക്കൊണ്ട് ആംഡ് പോലീസ് ബറ്റാലിയൻ ഡി.ഐ.ജി പുറപ്പെടുവിക്കുന്ന ഉത്തരവ് തീയതി മുതലാണ്. എന്നാൽ ആയത് കൃത്യമായി പാലിക്കുന്നുണ്ടോ; ഉത്തരവിന് വിരുദ്ധമായ സീനിയോറിറ്റി നിശ്ചയിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്;

(സി) ആംഡ് പോലീസ് ബറ്റാലിയനിൽനിന്നും ജില്ലാ പോലീസ് റിസർവ്വുകളിലേക്ക് 19-4-1989 മുതൽ 19-4-1990 വരെ ട്രാൻസ്ഫർ ആയി വന്നവർക്ക് G.O(p)No. 33/84 പ്രകാരമാണോ സീനിയോറിറ്റി നൽകിയിട്ടുള്ളത് ; ഇതിനു വിരുദ്ധമായി സീനിയോറിറ്റി നടപ്പിലാക്കിയിട്ടുണ്ടോ ;